## പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2026 ജൂൺ 30, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

### I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ ആനുകൂല്യ വിതരണം

മി. സ്പീക്കർ: സംസ്ഥാനത്ത് ട്രോളിങ് നിരോധനം പ്രാബല്യത്തിൽ വന്നതുമുതൽ വറുതിയിലായ മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ ആനുകൂല്യം വിതരണം ചെയ്യാത്തതുമൂലം മത്സ്യത്തൊഴിലാളി സമൂഹത്തിൽ ഉളവായിട്ടുള്ള ആശങ്കയും ബുദ്ധിമുട്ടുകളും ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ സജി ചെറിയാൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം നൽകേണ്ട 4,500/- രൂപയിൽ ഗുണഭോക്തൃ വിഹിതമായ 1,500/- രൂപ ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ വിതരണം ചെയ്തിട്ടുണ്ട്; മറ്റ് ജില്ലകളിലെ വിതരണം വരുംദിവസങ്ങളിൽ പൂർത്തിയാക്കുന്നതാണ്. കേന്ദ്ര സർക്കാരിൽനിന്നും രണ്ടാം ഗഡു ലഭ്യമാകുന്നമുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്. സൗജന്യ റേഷൻ വിതരണം ഉടൻ ആരംഭിക്കുന്നതാണ്.

ശ്രീ. സജി ചെറിയാൻ: കാലാവസ്ഥാ വ്യതിയാനവും മത്സ്യലഭ്യതക്കുറവും ട്രോളിങ് നിരോധനവും മത്സ്യത്തൊഴിലാളികളുടെ ജീവിതം അത്യന്തം ദുഷ്കരമാക്കിയിരിക്കുകയാണ്. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള ധനസഹായം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാത്തത് ഗുരുതരമായ അനാസ്ഥയാണ്. കേന്ദ്ര വിഹിതം ലഭ്യമാകാൻ കാലതാമസമുണ്ടാകുമെന്നതിനാൽ ആ തുക സംസ്ഥാനം കണ്ടെത്തി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകൾക്ക് ട്രോളിങ് നിരോധന കാലത്ത്

മൊറട്ടോറിയം അനുവദിക്കണം. പഞ്ഞമാസ ധനസഹായം വെട്ടിക്കുറച്ച നടപടി മത്സ്യത്തൊഴിലാളി സമൂഹത്തോടുള്ള നീതിനിഷേധമാണ്. മത്സ്യക്കൃഷി വികസനത്തിനും വിദ്യാതീരം, പുനർഗേഹം പദ്ധതികൾക്കുമുള്ള തുക വെട്ടിക്കുറച്ചതും വിഴിഞ്ഞം പുനരധിവാസ പദ്ധതിക്കായി തുക വകയിരുത്താത്തതും ആശങ്കാജനകമാണ്. മത്സ്യത്തൊഴിലാളികൾക്ക് തുച്ഛമായ തുകയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെയാണ് തീരദേശ മേഖല കടന്നുപോകുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് മാർച്ച് മാസത്തിലാണ് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക മുൻ സർക്കാർ 6,000/- രൂപയാക്കി വർധിപ്പിച്ചത്. കേന്ദ്ര വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ ആ തുകകൂടി സംസ്ഥാനം കണ്ടെത്തിയാൽ മാത്രമേ വർധിപ്പിച്ച തുക നൽകാൻ സാധിക്കുകയുള്ളൂ. നിലവിൽ ആദ്യ ഗഡു വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായതിനുശേഷം ബാക്കിയുള്ള രണ്ടുഗഡുകൂടി വിതരണം ചെയ്യുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതികൾക്കും മണ്ണെണ്ണ സബ്സിഡിക്കും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കുന്ന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിന് മുഴുവൻ തുകയും അനുവദിക്കുന്നതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ സമഗ്ര പുരോഗതിക്കായി ഫിഷറീസ് സബ് പ്ലാൻ നടപ്പാക്കുന്നതുമാണ്. മത്സ്യബന്ധന യാനങ്ങളിലെ പരമ്പരാഗത എഞ്ചിനുകൾ കൺവെർട്ട് ചെയ്യുന്നതിനുള്ള സഹായത്തിനുവേണ്ടി ഓയിൽ കമ്പനികൾ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള ധനസഹായം ജില്ലാ ഓഫീസുകൾക്ക് കൈമാറിയിട്ടുണ്ട്. സർക്കാർ വിഹിതമടക്കമുള്ള തുക അടുത്ത മാസം നൽകുന്നതാണ്. കേന്ദ്ര സർക്കാർ വിഹിതം ലഭിക്കാൻ കാലതാമസം

നേരിട്ടാൽ ആ തുകകൂടി സംസ്ഥാന സർക്കാർ മുൻകൂറായി നൽകുന്നതും പിന്നീട് ക്രമീകരിക്കുന്നതുമാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**II ശ്രദ്ധക്ഷണിക്കൽ**

(1) ആലുവയിൽ പുതിയ ജലശുദ്ധീകരണശാല

ശ്രീ. ടി. ജെ. വിനോദ്: കൊച്ചി കോർപറേഷനിലും സമീപ പ്രദേശങ്ങളിലെ 5 മുനിസിപ്പാലിറ്റികളിലും 13 പഞ്ചായത്തുകൾ ഉൾപ്പെടുന്ന വിശാല കൊച്ചി മേഖലയിലും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുകയാണ്. ആലുവ, മരട് ശുദ്ധീകരണശാലകളിൽനിന്നും ഉൽപാദിപ്പിക്കുന്ന 175 എം.എൽ.ഡി. വെള്ളം കൊച്ചി നഗരത്തിലെ ഗാർഹിക-വാണിജ്യ ആവശ്യങ്ങൾക്ക് അപര്യാപ്തമാണ്. തമ്മനം പമ്പ് ഹൗസിൽ സ്ഥാപിച്ചിട്ടുള്ള ഗ്രൗണ്ട് ലെവൽ ടാങ്കിന്റെ ശോച്യാവസ്ഥ കാരണം ആലുവയിൽനിന്നും മരടിൽനിന്നും എത്തുന്ന വെള്ളത്തിൽ 45 എം.എൽ.ഡി. മാത്രമാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിച്ചുകൊടുക്കുന്ന ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അമൃത്, എ.ഡി.ബി. പദ്ധതികളുടെ ഭാഗമായി നഗരത്തിൽ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നില്ല. അതിനാൽ ആലുവയിൽ നിലവിലുള്ള ജലശുദ്ധീകരണശാലയ്ക്ക് സമീപം വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള 1.57 ഹെക്ടർ സ്ഥലത്ത് എ.ഡി.ബി. പദ്ധതിയുടെ ഭാഗമായി 523 കോടി രൂപ മുടക്കി 190 എം.എൽ.ഡി. കുടിവെള്ളം എത്തിക്കുന്നതിനുള്ള പുതിയ ജലശുദ്ധീകരണശാല സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): തമ്മനത്ത് സ്ഥാപിച്ചിട്ടുള്ള 135 എം.എൽ.ഡി. ശേഷിയുള്ള വാട്ടർ ടാങ്കിന്റെ ഒരു കമ്പാർട്ട്മെന്റ് തകർന്നതിനെത്തുടർന്ന് നിലവിലുള്ള കമ്പാർട്ട്മെന്റിൽ നാല് തവണയായി ജലം സംഭരിച്ച് മുമ്പ് വിതരണം ചെയ്തിരുന്ന അളവിൽത്തന്നെ വിതരണം ചെയ്യുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 25 ലക്ഷം ലിറ്റർ വീതം സംഭരണ ശേഷിയുള്ള

സമ്പും ഉന്നതതല ജലസംഭരണിയും നിർമ്മിക്കുന്നതിനായി 30 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആലുവയിലെ നാല് ജലശുദ്ധീകരണ ശാലകളിലായി ഉൽപാദിപ്പിക്കുന്ന 225 എം.എൽ.ഡി. ജലമാണ് കൊച്ചി കോർപറേഷനിലേക്കും സമീപ പഞ്ചായത്തുകളിലേക്കും വിതരണം ചെയ്യുന്നത്. ജൽജീവൻ മിഷൻവഴി എല്ലാ പഞ്ചായത്തുകളിലും അമൃത് പദ്ധതിവഴി കോർപറേഷൻ പരിധിയിൽവരുന്ന പ്രദേശങ്ങളിലും കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ആലുവയിൽ 190 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനുള്ള 523 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ജലവിഭവ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടുകൂടി കൊച്ചി കോർപറേഷനിലും അഞ്ച് മുനിസിപ്പാലിറ്റികളിലും 13 പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കാനും കൊച്ചിയിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാക്കാനും സാധിക്കുന്നതാണ്.

(2) <u>സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഈടാക്കിയ അധിക ഫീസ്</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന എം.ബി.ബി.എസ്. വിദ്യാർഥികളിൽനിന്ന് കോഴ്സ് കാലയളവായ നാലര വർഷത്തിനുപകരം അഞ്ച് വർഷത്തേക്കാണ് ഫീസ് ഈടാക്കിവരുന്നത്. അധികമായി ഈടാക്കിയ ഫീസ് വിദ്യാർഥികൾക്ക് തിരികെ നൽകുന്നതിനും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഹൗസ് സർജൻമാരുടെ സ്റ്റൈപന്റ് സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് തുല്യമായി ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): എല്ലാ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർദിഷ്ട അക്കാദമിക കാലയളവായ നാലര വർഷത്തേക്ക് മാത്രമേ എം.ബി.ബി.എസ്. കോഴ്സിനുള്ള ഫീസ് ഈടാക്കാൻ പാടുള്ളൂവെന്ന് നാഷണൽ മെഡിക്കൽ കമ്മിഷൻ നിഷ്കർഷിച്ചിട്ടുണ്ട്. നാഷണൽ മെഡിക്കൽ കമ്മിഷന്റെ നിർദേശപ്രകാരം ഫീസ് ഘടന പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് പ്രതിനിധികളുമായി ചർച്ച നടത്തുകയും ഈ വർഷവും അടുത്ത വർഷവും നാലര വർഷത്തേക്ക് മാത്രമേ ഫീസ് ഈടാക്കാൻ പാടുള്ളൂവെന്നും കേരളത്തിലെ കോളേജുകൾ ഈടാക്കിയ അധിക ഫീസ് തിരികെ നൽകണമെന്നും കർശന നിർദേശം നൽകിയിട്ടുണ്ട്. ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് വിദ്യാർഥികളിൽനിന്ന് അധികമായി ഈടാക്കിയ ഫീസ് തിരികെ നൽകാനുള്ള നിർദേശം

മൂന്ന് മാസത്തേക്ക് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഹൈക്കോടതിയുടെ തീരുമാനങ്ങൾക്കനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

**II സബ്മിഷൻ**

(1) അഞ്ചുതെങ്ങ് പ്രദേശത്തെ തീരശോഷണം

ശ്രീമതി രമ്യ ഹരിദാസ്: ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ അഞ്ചുതെങ്ങ്, മുതലപ്പൊഴി പ്രദേശങ്ങൾ നേരിടുന്ന തീരശോഷണമുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): മുതലപ്പൊഴി ഭാഗത്ത് രൂപപ്പെട്ടിരിക്കുന്ന മൺതിട്ട ഡ്രെഡ്ജിങ് നടത്തി നീക്കംചെയ്യുന്നതിനും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും അഞ്ചുതെങ്ങ് ഉൾപ്പെടെയുള്ള പഞ്ചായത്തുകളുടെ തീരസംരക്ഷണത്തിനുവേണ്ടി സമഗ്ര പഠനം നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതും മുതലപ്പൊഴി പാക്കേജ് നടപ്പാക്കുന്നതുമാണ്.

(2) കട്ടിപ്പാറ ഫ്രഷ് കട്ട് പ്ലാന്റിൽനിന്നുള്ള മലിനീകരണം

ശ്രീ. പി. കെ. ഫിറോസ്: കോഴിക്കോട് കട്ടിപ്പാറയിലെ ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റിൽനിന്നുള്ള മലിനീകരണം തടയാനും അവിടെ നടന്ന ജനകീയ സമരത്തിൽ പങ്കെടുത്ത പ്രദേശവാസികൾക്കെതിരെ ചുമത്തിയ കള്ളക്കേസുകൾ പിൻവലിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കട്ടിപ്പാറയിലെ ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റിൽനിന്നുള്ള മലിനജലം പുഴയിലേക്ക് ഒഴുകുന്നില്ലെന്ന് ഉറപ്പാക്കാനും നിരന്തര നിരീക്ഷണം നടത്താനും മലിനീകരണ നിയന്ത്രണ ബോർഡ്, ഡി.എൽ.എഫ്.എം.സി. (District Level Facilitation and Monitoring Committee), കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് ഹൈക്കോടതി നിർദേശം നൽകിയിട്ടുണ്ട്. കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ പ്ലാന്റിന്റെ പ്രവർത്തനം പൂർണ്ണമായി നിർത്തിവയ്ക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി വിദഗ്ധ സമിതിയെ നിയോഗിക്കുന്നതും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ അനുവാദത്തോടെ നടപടി സ്വീകരിക്കുന്നതുമാണ്. കേസ്സുകൾ പിൻവലിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

(3) ഓൺലൈൻ തട്ടിപ്പ്

ശ്രീ. അബിൻ വർക്കി കോടിയാട്ട്: ഓൺലൈൻ തട്ടിപ്പുകൾ തടയാൻ പുതിയ പദ്ധതി പ്രഖ്യാപിക്കാനും സ്കൂളുകളും കോളേജുകളും കുടുംബശ്രീകളും കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വ്യാജ ലോൺ ആപ് വഴി തട്ടിപ്പ് നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. സാമ്പത്തിക തട്ടിപ്പിന് കാരണമാകുന്ന പരസ്യങ്ങളും പ്രൊഫൈലുകളും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽനിന്നും നീക്കംചെയ്യുകയും ദൃശ്യ-ശ്രവ്യ-നവ മാധ്യമങ്ങൾവഴി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഓൺലൈൻ തട്ടിപ്പിന് ഇരയാകുന്നവർക്ക് പ്രത്യേക പോർട്ടൽ മുഖാന്തരവും വാട്സ്ആപ് നമ്പരിലൂടെയും പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. സുരക്ഷിതമായ ഡിജിറ്റൽ ഇടപാടുകളെക്കുറിച്ച് പൊതുജനങ്ങൾക്ക് പരിശീലനവും മുന്നറിയിപ്പും നൽകുന്നുണ്ട്. സൈബർ ക്രൈം തടയുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കും.

(4) സോളാർ സ്ഥാപിക്കുന്നതിന് ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കൽ

ശ്രീ. പി. കെ. പ്രവീൺ: കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കുന്നതിനോ അഡീഷണൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനോ നടപടി സ്വീകരിക്കണം.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം സെക്ഷനിൽ ലഭിച്ച മൂന്ന് സോളാർ കണക്ഷനുകൾക്കുള്ള അപേക്ഷകൾ മാത്രമാണ് ട്രാൻസ്ഫോമറിന് കപ്പാസിറ്റിയില്ലാത്തതുകാരണം പെന്റിങ്ങുള്ളത്. സോളാർ ഫീസിബിലിറ്റിയില്ലാത്ത ട്രാൻസ്ഫോമറുകളുടെ ശേഷി വർധിപ്പിക്കുന്നതിനുള്ള പ്രവൃത്തി മൾട്ടി-ഇയർ താരിഫ് (MYT) പദ്ധതിയുടെ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു. സോളാർ പദ്ധതിയിൽനിന്നുള്ള വൈദ്യുതി സ്റ്റോർ ചെയ്യുന്നതിനുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പദ്ധതിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

(5) താനൂരിൽ കടൽഭിത്തി നിർമ്മാണവും പുനരുദ്ധാരണവും

ശ്രീ. പി. കെ. നവാസ്: താനൂർ നിയോജകമണ്ഡലത്തിലെ കടലോര പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നതിനും നാശോന്മുഖമായ കടൽഭിത്തികൾ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): താനൂരിലെ കടലോര പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും തകർന്ന കടൽഭിത്തികൾ പുനരുദ്ധരിക്കുന്നതിനുമുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റും കോർ വാൾ ഉപയോഗിച്ച് ഫിഷിങ് ഗ്യാപ് അടയ്ക്കുന്നതിനുള്ള പ്രൊപ്പോസലുകളും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് മുൻഗണന നൽകാനും ഫണ്ട് ലഭ്യമാക്കാനും നടപടി സ്വീകരിക്കുന്നതാണ്.

(6) സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്താനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും നിലവിലുള്ള ഒഴിവുകൾ നികത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഗ്യാപ് അനാലിസിസ് നടത്തി അധികമായി സൃഷ്ടിക്കേണ്ട തസ്തികകൾ കണ്ടെത്തി പ്രൊപ്പോസൽ പുനർസമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(7) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ പ്രത്യേക ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കൽ

ശ്രീ. സി. ആർ. മഹേഷ്: കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കാൻസർ, കാർഡിയോളജി വിഭാഗങ്ങളും ബ്ലഡ് ബാങ്കും ആരംഭിക്കാനും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കീമോതെറാപ്പി സെന്റർ ആരംഭിക്കുന്നതിന് കാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി അനുവദിച്ച 15 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എം.എൽ.എ.-യുടെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലഡ് ബാങ്ക് സ്ഥാപിക്കാവുന്നതാണെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ട്. ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി തസ്തികകൾ

സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്.

(8) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജൻ നിയമനം

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഉചിത നടപടി സ്വീകരിക്കുന്നതാണ്. കാസർഗോഡ് ജനറൽ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഫോറൻസിക് സർജന്റെ ഒഴിവ് നികത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(9) ഭൂമിക്ക് നഷ്ടപരിഹാരം

ശ്രീ. എം. വിൻസെന്റ്: വെള്ളായണി കായലിലെ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ ഭൂമിക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): വെള്ളായണി കായലിലെ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസുകൾ തീർപ്പാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(10) കായികാധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കായികാധ്യാപകരുടെ സേവന-തസ്തിക സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കായിക വിദ്യാഭ്യാസത്തിന് അർഹമായ പരിഗണന നൽകുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): കായികാധ്യാപക തസ്തികകൾ നഷ്ടമാകാതിരിക്കാൻ നിലവിലുള്ള അധ്യാപക-വിദ്യാർഥി അനുപാതം 1:300 എന്ന് മാറ്റിയിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിൽ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(11) മലമ്പുഴ ഉദ്യാന നവീകരണം

ശ്രീ. എ. പ്രഭാകരൻ: മലമ്പുഴ വിനോദസഞ്ചാര കേന്ദ്രത്തിലെ ഉദ്യാന നവീകരണപ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): മലമ്പുഴ ഗാർഡൻ ആൻഡ് ലെഷർ പാർക്കിലെ വിനോദസഞ്ചാരികളുടെ അനുഭവം മെച്ചപ്പെടുത്തൽ എന്ന കേന്ദ്ര പദ്ധതിപ്രകാരമാണ് നവീകരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നത്. മലമ്പുഴ ഉദ്യാനത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നടത്തിവന്നിരുന്ന നവീകരണ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിരിക്കുകയാണ്. ഇത് പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ അടിയന്തര യോഗം ചേരാവുന്നതും നേരിട്ട് സ്ഥലം സന്ദർശിക്കാവുന്നതുമാണ്.

(12) ആലംകോട്-മീരാൻകടവ് റോഡ് നവീകരണം

ശ്രീമതി ഒ. എസ്. അംബിക: ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട്-മീരാൻകടവ് റോഡിന്റെ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട്-മീരാൻകടവ് റോഡിന്റെ ഭൂരിഭാഗം നവീകരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിലുണ്ടായ വ്യതിയാനംമൂലം പ്രസ്തുത പദ്ധതിയിൽനിന്നും കിഫ്ബിയുടെ അനുമതിയോടെ ഒഴിവാക്കിയ കടയ്ക്കാവൂർ ആർ.ഒ.ബി.-ക്ക് സമീപമുള്ള അണ്ടർപ്പാസ് നിർമ്മാണത്തിന് പുതുക്കിയ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(13) പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണപ്രവർത്തനങ്ങളും ചികിത്സാ സൗകര്യങ്ങളും കാര്യക്ഷമമാക്കൽ

ശ്രീ. രമേശ് പിഷാരടി: പാലക്കാട് മെഡിക്കൽ കോളേജിലെ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനും അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി): പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്ക്, മെയിൻ ബ്ലോക്ക്, ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണ

പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഏകദേശം 97.39 കോടി രൂപയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഏകദേശം 38 കോടി രൂപയും ആവശ്യമാണ്. മെഡിക്കൽ കോളേജിന്റെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിറ്ററിങ് കമ്മിറ്റി കൃത്യമായി അവലോകനം നടത്തിവരുന്നുണ്ട്. മെഡിക്കൽ കോളേജ് പൂർണ്ണനിലയിൽ പ്രവർത്തനസജ്ജമാക്കുന്നതിന് 550 കോടി രൂപയോളം ആവശ്യമാണ്. തുടർ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കും.

(14) വനഭൂമിയോട് ചേർന്നുകിടക്കുന്ന ഭൂമിയിലെ പട്ടയ പ്രശ്നങ്ങൾ

ശ്രീ. കെ. യു. ജനീഷ് കുമാർ: മലയോര മേഖലയിലെ ജനങ്ങൾക്ക് വനം അതിർത്തിയായി രേഖപ്പെടുത്തിയ ഭൂമി കൈമാറ്റം ചെയ്യാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം.

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. ഒ. ജെ. ജനീഷ്): ആധാരത്തിൽ അതിർത്തിയായി വനം/ജണ്ട എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രം എൻ.ഒ.സി. ആവശ്യപ്പെട്ടാൽ മതിയെന്ന തീരുമാനത്തിന് വിരുദ്ധമായി സ്വകാര്യവ്യക്തികൾ ഒരിക്കൽ കൈമാറിയ ഭൂമി വീണ്ടും കൈമാറുമ്പോൾ എൻ.ഒ.സി. ഹാജരാക്കേണ്ടിവരുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പ് അധികാരികളുമായി യോഗം ചേർന്ന് തീരുമാനിക്കുന്നതാണ്.

## V ഗവൺമെന്റ് പ്രമേയം (ചട്ടം 118)

ദേശീയ പരീക്ഷാ സംവിധാനത്തിന്റെ സമഗ്ര പരിഷ്കരണം

നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെട്ട ക്രമക്കേടുകളും ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നിസ്സംഗതയും പരിഗണിച്ച് ദേശീയ പരീക്ഷാ സംവിധാനം സമഗ്രമായി പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. റോജി എം. ജോൺ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

സർവശ്രീ കെ. പ്രേംകുമാർ, ആര്യാടൻ ഷൗക്കത്ത്, വി. മുരളീധരൻ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രമേയം സഭ പാസ്സാക്കി.

## VI ധനകാര്യം

2026-2027 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XV - പൊതുമരാമത്ത്
(6149,29,66,000)

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും
(1281,24,51,000)

ധനാഭ്യർഥന നമ്പർ XXI - ഭവനനിർമ്മാണം
(141,39,41,000)

ധനാഭ്യർഥന നമ്പർ XXXVIII - ജലസേചനം
(953,76,31,000)

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXII - നഗരവികസനം
(1608,46,45,000)

ധനാഭ്യർഥന നമ്പർ XXXV - പഞ്ചായത്ത്
(1436,51,73,000)

ധനാഭ്യർഥന നമ്പർ XXXVI - ഗ്രാമവികസനം
(8147,85,19,000)

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXIV -തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും
(1478,79,34,000)

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്കക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം
(3374,18,67,000)

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXIX - കൃഷി
(3457,09,13,000)

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXX - ഭക്ഷ്യം
(2313,48,67,000)

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXXIII - മത്സ്യബന്ധനം
(695,15,02,000)

ധനാഭ്യർഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും
(19237,96,20,000)

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXXIV - വനം
(1153,41,73,000)

ഗതാഗത വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XLI - ഗതാഗതം
(2444,64,89,000)

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XLII - വിനോദസഞ്ചാരം
(424,54,94,000)

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ പുതുയുഗ പിറവിയുടെ വിഷനും മിഷനുമടങ്ങുന്ന ബജറ്റാണിത്. പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്കും മത്സ്യത്തൊഴിലാളികൾക്കുമുള്ള ഭവനനിർമ്മാണ പദ്ധതികൾ പുനരാരംഭിക്കുമെന്ന പ്രഖ്യാപനം പ്രശംസനീയമാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി എഴുപത്തിയഞ്ച് രൂപയാക്കി വർധിപ്പിച്ചതും തീരദേശമേഖലയിലെ സ്ത്രീകൾക്ക് സ്വയംതൊഴിലിനായി എസ്.എച്ച്.ജി.-കൾ ആരംഭിച്ചതും തീരദേശവാസികളുടെ ഭൂമിക്ക് പട്ടയം നൽകുമെന്നും തീരദേശ വികസന പദ്ധതികളിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളിൽ തീരദേശവാസികൾക്ക് സംവരണം നൽകുമെന്ന് പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി പ്രതീക്ഷാനിർഭരമാണ്. മത്സ്യബന്ധനത്തിനിടയിൽ ഹൃദയസ്തംഭനംമൂലം മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം. കെ.എം.എഫ്.ആർ. ആക്റ്റ് പ്രകാരമുള്ള മത്സ്യത്തൊഴിലാളികൾക്കെതിരായ ശിക്ഷാനടപടികൾ ലഘൂകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ടൂറിസം ഡെസ്റ്റിനേഷനായ കോവളത്ത് തെരുവുവിളക്കുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. വിനോദസഞ്ചാര മേഖലയെ വ്യവസായമാക്കി മാറ്റുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. പി. പി. സുമോദ്: ധനാഭ്യർഥനകളെ എതിർക്കുന്നു. കേരളത്തിലെ അടിസ്ഥാന വികസന മേഖലയിൽ മാറ്റം സൃഷ്ടിച്ച കിഫ്ബിയെ തകർക്കാൻ ശ്രമിക്കുന്നത് അപലപനീയമാണ്. രണ്ടാം ഭൂപരിഷ്കരണം കോർപ്പറേറ്റുകൾക്ക് സംസ്ഥാനത്തെ തീറെഴുതി കൊടുക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കും. മിഷൻ സമുദ്ര പദ്ധതി പ്രഖ്യാപനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കിടയിലുണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കണം. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി നടപ്പാക്കിയതുമൂലം സ്വകാര്യ ബസ്സ് വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണം. വാഹന മോഡിഫിക്കേഷനുമായി ബന്ധപ്പെട്ട് നൽകിയ വാഗ്ദാനങ്ങൾ പാലിക്കണം.

ശ്രീ. എ. കെ. എം. അഷ്റഫ്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി നടപ്പാക്കിയത് സ്ത്രീ സമൂഹത്തോടുള്ള ആദരവിന്റെ നേർസാക്ഷ്യമാണ്. മഞ്ചേശ്വരം റവന്യൂ ടവർ നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചത് സ്വാഗതാർഹമാണ്. മഞ്ചേശ്വരം ഫിഷിങ് ഹാർബറിനെ മിഷൻ സമുദ്ര പദ്ധതിയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീമതി ഗീതാഗോപി: ധനാഭ്യർഥനകളെ എതിർക്കുന്നു. കേരളത്തിന്റെ വികസന മാതൃകയെയും ക്ഷേമ രാഷ്ട്ര സങ്കല്പത്തെയും പ്രതികൂലമായി ബാധിക്കുന്ന പ്രഖ്യാപനങ്ങളാണ് ബജറ്റിലുള്ളത്. കിഫ്ബി പ്രോജക്ടുകളും അനുബന്ധ വികസന പ്രവർത്തനങ്ങളും തുടർന്നും നടപ്പാക്കണം. 'കൃഷി സഖി - വനിതാ കർഷക വികസന പരിപാടി'യുടെ ഗുണഫലം വനിതാ കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ടൂറിസത്തിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള പ്രഖ്യാപനങ്ങൾ നടത്താത്തത് ഖേദകരമാണ്.

ശ്രീ. റെജി ചെറിയാൻ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. നെല്ലിന്റെ സംഭരണ വില സമയബന്ധിതമായി നൽകുന്നതിനും ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായത്തിന് നൽകുന്ന ആനുകൂല്യങ്ങൾ വിനോദസഞ്ചാര മേഖലയ്ക്കും ലഭ്യമാക്കുന്നതിനും ആലപ്പുഴ ജില്ലയിൽ മെഗാ ടൂറിസം സർക്യൂട്ടും ഹൗസ് ബോട്ട് മാലിന്യ സംസ്കരണ പ്ലാന്റും സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ടൂറിസം-കാർഷിക മേഖലകളുടെ വികസനത്തിന് വഴിയൊരുക്കുന്നതാണ്. റെമിറ്റൻസ് ഇക്കണോമിയിൽനിന്നും ഇൻവെസ്റ്റ്മെന്റ് ഇക്കണോമിയിലേക്കുള്ള മാറ്റം പ്രവാസികൾക്ക് പ്രതീക്ഷ നൽകുന്നതാണ്.

ശ്രീ. ബി. ബി. ഗോപകുമാർ: ധനാഭ്യർഥനകളെ എതിർക്കുന്നു. വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് നൽകുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ പൊതുവികാരം പരിഗണിക്കാത്തത് ഖേദകരമാണ്.

ശ്രീ. ഉല്ലാസ് കോവൂർ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക വളർച്ച, സാമൂഹ്യനീതി, സുസ്ഥിര വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ബജറ്റാണിത്. കശുവണ്ടി വ്യവസായത്തിന് 50 കോടി രൂപയും തൊഴിലുറപ്പ് മേഖലയ്ക്ക് 1400 കോടി രൂപയും വകയിരുത്തിയതും റബ്ബറിന്റെ താങ്ങുവില വർധിപ്പിച്ചതും കുന്നത്തൂർ താലൂക്ക് ആശുപത്രിയെ സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രിയാക്കുന്നതിനായി 5 കോടി രൂപ അനുവദിച്ചതും സ്വാഗതാർഹമാണ്. കുന്നത്തൂർ നിയോജകമണ്ഡലത്തിൽ കോവിഡ് കാലത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവീസുകൾ പുനരാരംഭിക്കാനും

വാട്ടർ അതോറിറ്റി പൊളിച്ചിട്ടിരിക്കുന്ന റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനും കാർഷിക വിളകളെ വന്യജീവി ആക്രമണങ്ങളിൽനിന്നും സംരക്ഷിക്കാനുമുള്ള നടപടിയുണ്ടാകണം.

ശ്രീ. പി. കെ. പ്രവീൺ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്വകാര്യവൽക്കരണം പ്രോത്സാഹിപ്പിക്കാനും കിഫ്ബിയെ തകർക്കാനും പി.എം.ശ്രീ. പദ്ധതി നടപ്പാക്കാനുമുള്ള നീക്കം പ്രതിഷേധാർഹമാണ്. നൂതന കാർഷിക സംവിധാനങ്ങൾ പഠിക്കാനും പരിശീലിക്കാനുമായി കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നവോദയക്കുന്നിൽ ആരംഭിച്ച കേന്ദ്രത്തെ പരമാവധി പ്രയോജനപ്പെടുത്താനും KAMCO (കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്)-യുടെ കീഴിലുള്ള യന്ത്രനിർമ്മാണ യൂണിറ്റ് ശാക്തീകരിക്കാനും കൂത്തുപറമ്പ് ബസ്സ് ടെർമിനൽ യാഥാർത്ഥ്യമാക്കാനുള്ള തുക വകയിരുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. ജി. സുധാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത്, വ്യവസായം, കൃഷി, ആരോഗ്യം എന്നീ മേഖലകൾക്ക് കൂടുതൽ തുക വകയിരുത്തണം. കിഫ്ബി പദ്ധതിക്ക് തുടർച്ചയുണ്ടാകണം. റോഡ് നിർമ്മാണത്തിൽ വൈറ്റ് ടോപ്പിങ് സാങ്കേതികവിദ്യ നടപ്പാക്കാനും നിർമ്മാണം പൂർത്തീകരിക്കാത്ത പാലങ്ങൾക്കും ഗ്രാമീണ റോഡുകൾക്കും ആവശ്യമായ തുക അനുവദിച്ച് പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. സി. ആർ. മഹേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് പ്രത്യാശ നൽകുന്ന ബജറ്റാണിത്. മത്സ്യത്തൊഴിലാളി ഭവന പദ്ധതി പുനരാരംഭിച്ചത് സ്വാഗതാർഹമാണ്. തീരദേശ പരിപാലന നിയമത്തിൽ വീട് നിർമ്മാണത്തിന് ഇളവ് അനുവദിക്കാനും സുനാമി നഗറുകളിലെ വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കാനും മത്സ്യവലയും യാനങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം. മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നതിനായി ആലപ്പാട് അഴീക്കൽ ഹാർബറിൽ പമ്പ് ആരംഭിക്കാനും ഹൃദയാഘാതം, പക്ഷാഘാതം എന്നിവമൂലം മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാനും ഹാർബറുകളിൽ അത്യാധുനിക സൗകര്യമുള്ള ആംബുലൻസ് സേവനം ഉറപ്പാക്കാനും ആലപ്പാട്-അഴീക്കൽ ടൂറിസം വികസിപ്പിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. എം. നസീർ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ തകർന്നടിഞ്ഞ ഖജനാവിനെ രക്ഷിക്കാനുള്ള ദിശാബോധവും ധനകാര്യ മാനേജ്മെന്റുമുള്ള ബജറ്റാണിത്. ചടയമംഗലത്ത് ടൂറിസം ഫെസിലിറ്റേഷൻ സെന്ററും ബസ് ടെർമിനലും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരിക്കുന്നതിനും റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്താനുമുള്ള നിർദേശങ്ങൾ ശ്ലാഘനീയമാണ്.

<u>ശ്രീ. ടി. പി. അഷ്റഫലി</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. നൂതനങ്ങളായ പദ്ധതികൾ ബജറ്റിലുൾപ്പെടുത്തിയത് സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിച്ചതും ഓപ്പറേഷൻ ശുഫാൻ പദ്ധതി നടപ്പാക്കിയതും അഭിനന്ദനാർഹമാണ്. നികുതിപിരിവ് ഊർജ്ജിതമാക്കണം. ആരോഗ്യം, റവന്യൂ, വിദ്യാഭ്യാസം എന്നീ മേഖലകളിലെ ജീവനക്കാരുടെ കുറവ് നികത്താനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു. പത്തനാപുരം ടൗൺ റിങ് റോഡ് നിർമ്മിക്കാൻ തുക വകയിരുത്തിയതും പട്ടാഴിയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കാനും മാങ്കോട് സ്റ്റേഡിയം നിർമ്മിക്കാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. വന്യജീവി ആക്രമണം തടയുന്നതിനായി കറവൂരിൽ ആർ.ആർ.ടി. യൂണിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിച്ചതും അങ്കണവാടി ടീച്ചർമാർക്കും പാചകത്തൊഴിലാളികൾക്കും ശമ്പളം വർധിപ്പിച്ചതും പ്രിയദർശിനി സ്ത്രീ സൗജന്യയാത്ര നടപ്പാക്കിയതും ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ചതും വയോജന വകുപ്പ് രൂപീകരിച്ചതും പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയതും ഓപ്പറേഷൻ ശുഫാൻ ആരംഭിച്ചതും ഭരണനേട്ടങ്ങളാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിനും തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിനും കോൺസ്റ്റിറ്റ്യുവന്റ് കോളേജ് ഓഫ് ദി യൂണിവേഴ്സിറ്റി പദവി നൽകുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. മുന്നൊരുക്കങ്ങളില്ലാതെ സംസ്ഥാനത്ത് നാല് വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കിയതിന്റെ ഫലമായി വിദ്യാർഥികൾ വിദേശത്തേക്ക് കുടിയേറിയത് സംബന്ധിച്ച് പരിശോധിക്കണം. സർവകലാശാലകളിൽ വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള സർച്ച് കമ്മിറ്റിയിൽ സിൻഡിക്കേറ്റ് പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനായി നിയമനിർമ്മാണം നടത്താനും ഡിജിറ്റൽ, സംസ്കൃത

സർവകലാശാലകളിലെ അഴിമതി ആരോപണങ്ങൾ അന്വേഷിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. പ്രേംകുമാർ: ധനാഭ്യർഥനകളെ എതിർക്കുന്നു. ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്കുമുള്ള വിഹിതം വെട്ടിക്കുറച്ചത് പ്രതിഷേധാർഹമാണ്. സ്ത്രീകൾക്ക് സൗജന്യ ബസ്സ് യാത്ര അനുവദിച്ചതിലൂടെ സ്വകാര്യ ബസ്സ് മേഖല നേരിടുന്ന പ്രതിസന്ധി പരിശോധിക്കാനും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനും തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. സംസ്ഥാനത്തെ പിന്നോട്ടുനയിക്കുന്ന ബജറ്റാണിത്.

ശ്രീ. ടി. ജെ. വിനോദ്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പുതിയ നികുതി നിർദേശങ്ങൾ ഇല്ലാത്തതും സമസ്തമേഖലകളുടെയും വികസനം ലക്ഷ്യമിടുന്നതുമായ ബജറ്റാണിത്. മിഷൻ സമുദ്ര, ഏവിയേഷൻ ഹബ്ബ്, ഗ്ലോബൽ ജോബ് വാച്ച് ടവർ തുടങ്ങിയ പ്രഖ്യാപനങ്ങൾ പ്രതീക്ഷ നൽകുന്നവയാണ്. 1578 കോടി രൂപയുടെ പദ്ധതികൾ ഗതാഗത മേഖലയിൽ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഗൗരവമായി പരിശോധിക്കണം. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി വർധിപ്പിച്ചത് ശ്ലാഘനീയമാണ്.

ശ്രീ. പി. കെ. നവാസ്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. വട്ടത്താണി റെയിൽവേ മേൽപ്പാലം യാഥാർഥ്യമാക്കാനും വൈലത്തൂരിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമുണ്ടാക്കാനും നടപടി സ്വീകരിക്കണം. ജൽജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി തകരാറിലായ റോഡുകളുടെ റെസ്റ്റോറേഷന് പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഫണ്ട് അനുവദിക്കാനുള്ള ഇടപെടൽ നടത്തണം.

ശ്രീ. സേനാപതി വേണു: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ഭവനരഹിതർക്ക് വീട് നൽകുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. ഓപ്പറേഷൻ തൂഫാൻ പദ്ധതി നടപ്പാക്കിയതും ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുമെന്നും സമഗ്രമായ ലാൻഡ് മാനേജ്മെന്റ് നയം രൂപീകരിക്കുമെന്നും പ്രഖ്യാപിച്ചതും വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി 436 കോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്.

<u>ശ്രീ. വിനു ജോബ് കുഴിമണ്ണിൽ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയ്ക്ക് 1534.98 കോടി രൂപ നീക്കിവച്ചതും റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കി വർധിപ്പിച്ചതും ആശ്വാസകരമാണ്. നെൽകർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കണം. ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ ഓണറേറിയം വർധിപ്പിച്ചതും വയോജനങ്ങൾക്കും പട്ടികജാതി-പട്ടികവർഗ മേഖലയ്ക്കും തുക നീക്കിവച്ചതും ഗ്ലോബൽ ജോബ് വാച്ച് ടവറിന് 2 കോടി രൂപയും ഏവിയേഷൻ ഹബ്ബിന് 200 കോടി രൂപയും വകയിരുത്തിയതും സ്വാഗതാർഹമാണ്. ചങ്ങനാശ്ശേരിയിൽ വിഭാവന ചെയ്തിരിക്കുന്ന പടിഞ്ഞാറൻ ബൈപ്പാസ് പദ്ധതിക്ക് മുൻഗണന നൽകണം. ഓപ്പറേഷൻ തൂഫാൻ പദ്ധതി നടപ്പാക്കിയത് അഭിനന്ദനാർഹമാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രവാസി ഇൻവെസ്റ്റ്മെന്റ് സൊസൈറ്റിയും ഇൻഡസ്ട്രി/ഐ.ടി. പാർക്കുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. തിരൂർ ജില്ലാ ആശുപത്രിയിലെ ഓങ്കോളജി ബ്ലോക്കിന്റെ പൂർത്തീകരണത്തിനും രാജീവ് ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിനും തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. തിരൂരിലെ രണ്ട് സി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനും വളവന്നൂർ ജില്ലാ ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം. റബ്ബറിന്റെ താങ്ങുവില വർധിപ്പിച്ചത് സ്വാഗതാർഹമാണ്. നാളികേര സംഭരണം പുനരാരംഭിക്കാനും സംഭരണ വില 60 രൂപയാക്കി വർധിപ്പിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. വയനാട് ജില്ലയിൽ ആർട്സ് & സയൻസ് കോളേജും ട്രൈബൽ യൂണിവേഴ്സിറ്റിയും ആരംഭിക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. 'കോളനി' എന്ന പേര് 'ഉന്നതി' എന്നാക്കി മാറ്റിയത് സംബന്ധിച്ച് പുനഃപരിശോധിക്കണം. വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും വിളനാശം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്നതിനും വനമേഖലയെയും ജനവാസമേഖലയെയും വേർതിരിക്കാൻ കൽമതിലുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: ധനാഭ്യർഥനകളെ എതിർക്കുന്നു. തൊഴിലും തൊഴിലാളി ക്ഷേമവും, പ്രവാസിക്ഷേമം, വിദ്യാഭ്യാസം, കൃഷി എന്നീ മേഖലകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. പി.എം.ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട

നിലപാട് വ്യക്തമാക്കണം. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ എയിംസ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): അപ്രോച്ച് റോഡുകൾക്കാവശ്യമായ ഭൂമി സൗജന്യമായി ഏറ്റെടുക്കുന്നതിന് ജനപ്രതിനിധികൾ മുൻകൈയെടുക്കേണ്ടതാണ്. ഫ്ലൈ ഓവറുകൾ, ബൈപ്പാസ് നിർമ്മാണം, ജങ്ഷൻ ഇംപ്രൂവ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിന്മേൽ വിദഗ്ധസമിതിയെ നിയോഗിച്ച് പഠനം നടത്തി മൂന്നുമാസത്തിനകം തീരുമാനമെടുക്കുന്നതാണ്. പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരിക്കുന്നതാണ്. പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രോട്ടോക്കോൾ നടപ്പാക്കി പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുന്നതാണ്. മഴക്കാലത്ത് റോഡുകളിൽ രൂപപ്പെട്ട കുഴികൾ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ബിറ്റുമിന്റെ വില വർധിച്ചതുമൂലം നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായ തടസ്സം പരിഹരിക്കുന്നതിനായി ബിറ്റുമിന്റെ വിലയിലുണ്ടായ അന്തരം കരാറുകാർക്ക് നൽകുന്നതിന് മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്. പുതുക്കിയ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് 278 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് നടപ്പാക്കുന്നതിനും സിവിൽ സ്റ്റേഷനിൽ നബാർഡിന്റെ സഹായത്തോടെ റവന്യൂ ടവർ സ്ഥാപിക്കുന്നതിനും നടപടിയുണ്ടാകും. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും കായലുകളിലെയും പുഴകളിലെയും ഡാമുകളിലെയും മണ്ണും ചെളിയും നീക്കംചെയ്യാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ജലനയത്തിന് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ അന്യാധീനപ്പെട്ട് കിടക്കുന്ന ഭൂമി സർക്കാരിന് ഗുണകരമായി ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): വിബി ജി - റാം ജി പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്ര നയം സംസ്ഥാന സർക്കാരിന് 2000 കോടി രൂപയുടെ ബാധ്യത വരുത്തുന്നതാണ്. ബജറ്റിൽ പ്രഖ്യാപിച്ച ഓൺലൈൻ ഗ്രാമസഭയിലൂടെ ലോകത്തിന്റെ ഏത് കോണിൽനിന്നും ഗ്രാമസഭയിൽ പങ്കെടുക്കാൻ സാധിക്കും. വാർഡുകൾ കേന്ദ്രീകരിച്ച് ഗ്രാമസേവ കേന്ദ്രങ്ങൾ ആരംഭിക്കാനും മാലിന്യസംസ്കരണ ഏജൻസികളെ ഏകോപിപ്പിച്ച് വേസ്റ്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനും നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ഗുണകരമായ ആസ്തിയാക്കി മാറ്റുന്ന കാര്യം ആലോചിക്കേണ്ടതുണ്ട്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതാണ്. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): കേന്ദ്ര തൊഴിൽ നിയമങ്ങൾ അനുസരിച്ച് സംസ്ഥാന തൊഴിൽ ചട്ടം പ്രസിദ്ധീകരിക്കുന്നതും തൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതുമാണ്. അന്യസംസ്ഥാന തൊഴിലാളികൾക്കായി യൂണിഫൈഡ് രജിസ്ട്രേഷൻ പോർട്ടൽ ആരംഭിക്കുന്നതാണ്. ഗാർഹിക തൊഴിലാളികളുടെ ജോലി സമയം ക്രമീകരിക്കാനും അവരെ ചൂഷണം ചെയ്യുന്നത് തടയാനുമായി റഗുലേറ്ററി സ്കീം നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാനും ശ്രമിക്കും. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയാൻ ശക്തമായ നടപടി സ്വീകരിക്കും. അങ്കണവാടികളിലെ കുട്ടികൾക്ക് ത്രൈമാസ വൈദ്യപരിശോധന നടത്തുന്നതാണ്. വ്യവസായ പാർക്കുകളിലും പട്ടണങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ കുട്ടികൾക്കായി ക്രഷ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പരിസ്ഥിതി സൗഹൃദ സാനിട്ടറി നാപ്കിൻ വെൻഡിങ് മെഷീനുകൾ സ്ഥാപിക്കുകയും നിർഭയ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യും. കാലിത്തീറ്റ-വൈക്കോൽ സബ്സിഡി വർധിപ്പിക്കുകയും യുവാക്കളെ പശു വളർത്തലിലേക്ക് ആകർഷിക്കാനായി പശു വാങ്ങാൻ പലിശ രഹിത വായ്പ ലഭ്യമാക്കുകയും ചെയ്യും. ക്ഷീര വികസന സഹകരണ സംഘങ്ങളിലെ പാൽ പരിശോധനാ സംവിധാനം കുറ്റമറ്റതാക്കി ക്ഷീര കർഷകർക്ക് ന്യായവില ഉറപ്പാക്കാനും കന്നുകാലികളെ ഇൻഷ്വർ ചെയ്യാനുമുള്ള നടപടി സ്വീകരിക്കും. കന്നുകുട്ടിപരിപാലന പദ്ധതി സാർവത്രികമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും

തെരുവുനായ ശല്യം ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി): പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ബജറ്റ് വിഹിതത്തിൽ കുറവുവരുത്തിയെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനും പട്ടികജാതി ഉപപദ്ധതികൾക്കുമായി 3507 കോടി രൂപയും പട്ടികവർഗ വിഭാഗങ്ങളുടെ വികസനത്തിനായി 859.48 കോടി രൂപയും പട്ടികവർഗ ഉപപദ്ധതികൾക്കായി 152.52 കോടി രൂപയും അധികമായി വകയിരുത്തിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുക സമയബന്ധിതമായി വിനിയോഗിക്കുക എന്നതാണ് സർക്കാരിന്റെ നയം. ആദിവാസി സമൂഹങ്ങളുടെ സാംസ്കാരിക പൈതൃകം, പാരമ്പര്യ മൂല്യങ്ങൾ, പരമ്പരാഗത വിജ്ഞാന സമ്പ്രദായങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും അവരുടെ വിജ്ഞാനത്വര പ്രോത്സാഹിപ്പിക്കുന്നതിനുമായി ട്രൈബൽ യൂണിവേഴ്സിറ്റി ആരംഭിക്കും. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് നീതി ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസ-ആരോഗ്യ സഹായ പദ്ധതികൾ യഥാസമയം അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. 'ഊരുകൾ' എന്ന പദപ്രയോഗം പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കും. പി.എം. യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): തരിശ് കൃഷിയിടങ്ങൾ മാപ്പിങ് നടത്തുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിക്കും. കാർഷിക മേഖലയിലേക്ക് യുവതീയുവാക്കളെ ആകർഷിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂളുകളിൽ KATHIR പദ്ധതി നടപ്പാക്കുന്നതിനും ഇതിൽ പങ്കാളികളാകുന്ന വിദ്യാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിനും കാർബൺ ക്രെഡിറ്റുമായും മാർക്കറ്റിങ് സംവിധാനങ്ങളുമായും അവരെ കണക്ട് ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്. ഇൻസ്റ്റിറ്റ്യൂഷണൽ-ഹോംസ്റ്റെഡ് ഫാമിങ് കാര്യക്ഷമമാക്കി കോർപ്പറേറ്റുകളെയും വ്യവസായ സ്ഥാപനങ്ങളെയും പ്രസ്തുത പദ്ധതിയുമായി ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കും. വനിതാ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 'കൃഷി സഖി' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. മണ്ണുപരിശോധനാ കേന്ദ്രങ്ങൾ ഡിജിറ്റൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കും. വെള്ളപ്പൊക്ക-വരൾച്ചാ കാലഘട്ടങ്ങളിൽ നഷ്ടപ്പെടുന്ന മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാനുള്ള സംവിധാനം നടപ്പാക്കും. ആഗോള

പ്രതിഭാസങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിനും പ്രതിരോധ പ്രവർത്തനങ്ങൾക്കും പ്രത്യേക കേന്ദ്രസഹായം ആവശ്യപ്പെടും. കർഷക പദ്ധതികൾ പുനഃസ്ഥാപിക്കുന്നതിനും എം.എസ്.പി.-കൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള നടപടി സ്വീകരിക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നെല്ല് സംഭരണത്തിലെയും വില വിതരണത്തിലെയും കാലതാമസം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനമെടുക്കുകയും പാലക്കാട് ജില്ലയിൽ എസ്.ബി.ഐ., കാനറ ബാങ്ക് കൺസോർഷ്യങ്ങളെ നെല്ല് സംഭരണത്തിന് ചുമതലപ്പെടുത്തുകയും സംഭരണ രംഗത്തേക്ക് സപ്ലൈകോ തിരിച്ചെത്തുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പുമായി സഹകരിച്ച് കൊയ്ത്ത് സമയത്തുതന്നെ കർഷക രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. വില വിതരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതും സപ്ലൈകോയുടെ കേന്ദ്രീകൃത മില്ലുകൾ ആരംഭിക്കുന്നതും പരിഗണനയിലാണ്. സംഭരണം കേന്ദ്രീകൃതമാക്കാൻ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിങും നെല്ല് സംഭരണ വാഹനങ്ങളിൽ സുതാര്യതയ്ക്കായി ട്രാക്കിങ് സിസ്റ്റവും ഏർപ്പെടുത്തുന്നതാണ്. നെല്ല് പാടത്ത് കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ കൃഷി വകുപ്പുമായി ചേർന്ന് ഇന്റർമീഡിയറ്റ് സ്റ്റോറേജ് സ്പേസുകൾ ഒരുക്കുന്നതോടൊപ്പം തൂക്കത്തിലെ കൃത്യതയ്ക്കായി ഇ-പോസ് മെഷീനുകൾ ഡിജിറ്റൽ വേയിങ് സ്കെയിലുകളുമായി ബന്ധിപ്പിക്കുകയും ചെയ്യും. അർഹരായവർക്ക് മുൻഗണനാ കാർഡുകൾ നൽകാൻ മാനദണ്ഡങ്ങളിൽ മാറ്റംവരുത്തുന്ന കാര്യം പരിശോധിക്കും. ഊരുകളിൽ കൂടുതൽ മൊബൈൽ റേഷൻ കടകൾ അനുവദിക്കുന്നതാണ്. എ.എ.വൈ. കാർഡുടമകളുടെ ഭക്ഷ്യധാന്യം വെട്ടിക്കുറയ്ക്കരുതെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിതരണ ശൃംഖലയെ സ്വയംപര്യാപ്തമാക്കാൻ നോൺ-സബ്സിഡി, എഫ്.എം.സി.ജി. ഉൽപന്നങ്ങളുടെ വില്പന വർധിപ്പിക്കാൻ മാർക്കറ്റിങ് സ്ട്രാറ്റജി തയ്യാറാക്കാൻ നിർദേശിച്ചിട്ടുണ്ട്. പർച്ചേസിങ് അപാകതകൾമൂലം സാധനങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഉപഭോക്തൃ ശാക്തീകരണത്തിനായി സ്കൂളുകളിൽ കൺസ്യൂമർ ക്ലബ്ബുകൾവഴി ബോധവൽക്കരണം നടത്തുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവന പദ്ധതിയും തീരദേശവാസികൾക്ക് പട്ടയം

നൽകുന്നതും സുനാമി കോളനികളുടെ നവീകരണവും സർക്കാരിന്റെ പരിഗണനയിലാണ്. മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയിൽ ഹൃദയാഘാത മരണംകൂടി ഉൾപ്പെടുത്തുന്നതാണ്. മത്സ്യത്തൊഴിലാളികൾക്കായി പുതിയ റെസ്ക്യൂ-സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതും അവരുടെ കുട്ടികൾക്ക് വിദേശപഠന സഹായം നൽകുന്നതും പരിശോധിച്ചുവരുന്നു. വനിതകൾക്ക് മത്സ്യവിതരണത്തിനായി ഷീ സ്കൂട്ടറുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്റ്റിന് വിരുദ്ധമായി മത്സ്യത്തൊഴിലാളികളിൽനിന്നും അന്യായമായി പിഴ ഈടാക്കിയതും മത്സ്യം പിടിച്ചെടുത്ത് ലേലം ചെയ്തതും സംബന്ധിച്ച് പരിശോധിക്കുന്നതാണ്. മഞ്ചേശ്വരം, താനൂർ മണ്ഡലങ്ങളിലെ ഹാർബറുകളുടെ നവീകരണം പരിഗണനയിലാണ്. സി.ആർ.ഇസഡ്. ഇളവുകൾക്കായി കേന്ദ്രവുമായി ആശയവിനിമയം നടത്തുന്നതാണ്. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർക്കാരിന്റെ നൂറുദിന കർമ്മപരിപാടികളിലൂടെ കാട്ടാന ആക്രമണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാണ് ശ്രമിക്കുന്നത്. പട്ടികവർഗ വികസന വകുപ്പുമായി ചേർന്ന് 500 പേരുൾപ്പെട്ട റിസർവ് ഫോഴ്സ് രൂപീകരിക്കുന്നതും ആദിവാസി വിഭാഗക്കാർക്ക് ഇതിൽ മുൻഗണന നൽകുന്നതുമാണ്. വന്യജീവി ആക്രമണംമൂലമുള്ള വിളനാശത്തിന് ഇൻഷ്വറൻസ് അധിഷ്ഠിത നഷ്ടപരിഹാര പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. തൊഴിൽ വിപണിയിലെ മാറ്റത്തിനനുസൃതമായി യുവാക്കളെ സജ്ജരാക്കാനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകും. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

(വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് എൽ.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): റോഡ് സേഫ്റ്റി പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതാണ്. റോഡപകടങ്ങളുണ്ടായാൽ വകുപ്പ് തലത്തിൽ സമഗ്രമായ പോസ്റ്റ് ക്രാഷ് എൻക്വയറി നടത്തുന്നതിനും അപകടത്തിൽപ്പെട്ട് 24 മണിക്കൂറിനുള്ളിൽ ആശുപത്രിയിൽ എത്തുന്നവർക്ക് ഗുണപ്രദമാകുന്ന PM RAHAT Scheme (Prime Minister-Road Accident Victim Hospitalization and Assured Treatment) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അപകട സാധ്യതയേറിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി അപാകതകൾ പരിഹരിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്

ലഭിക്കേണ്ട പിഴ കുടിശ്ശിക, ഇ-ചലാൻ തുടങ്ങിയവയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കും. 40 ശതമാനം ഭിന്നശേഷിയുള്ളവർക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ പാസ്സിനുള്ള വാർഷിക വരുമാന പരിധി 50000/- രൂപയാക്കി ഉയർത്തും. കെ.എസ്.ആർ.ടി.സി. ബസ്സപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അടിയന്തര ധനസഹായമായി വകുപ്പ് പതിനായിരം രൂപ അനുവദിക്കുന്നകാര്യം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.ടി.ഡി.എഫ്.സി.-യെ ലാഭകരമാക്കുന്നതിന് മുൻഗണന നൽകും. കെ.ടി.ഡി.എഫ്.സി.-യിൽനിന്നുള്ള വായ്പാ കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നതിന് അവസരം നൽകും. വിവിധ കാരണങ്ങളാൽ ഒഴിഞ്ഞുകിടക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. വേമ്പനാട്ട് കായലിൽ സൺസെറ്റ് ക്രൂയിസ് ആരംഭിക്കുന്നതാണ്. വേളി-അഞ്ചുതെങ്ങ് ബോട്ട് സർവീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. ആലപ്പുഴ-കോട്ടയം-കൊച്ചി വ്യാപാരകേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ജലമാർഗമുള്ള ചരക്ക് ഗതാഗതം ആരംഭിക്കുന്നതാണ്. ട്രാവൻകൂർ ടൈറ്റാനിയം, അനെർട്ട്, കെ.എസ്.ആർ.ടി.സി. എന്നിവയുടെ സംയുക്ത സഹകരണത്തിൽ ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിങ് കോളേജിന്റെ സഹായത്തോടെ സീറോ എമിഷൻ ഹൈഡ്രജൻ ബസ്സുകളുടെ സർവീസ് ആരംഭിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. പ്രൈവറ്റ് ബസ് ഓപ്പറേറ്റർമാരുടെ പ്രശ്നങ്ങൾ ഗൗരവമായി പരിഗണിക്കും. ധനാഭ്യർഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): പശ്ചാത്തല സൗകര്യങ്ങൾക്കുപരിയാണ് നാടിന്റെ വികസനം എന്ന കാഴ്ചപ്പാടോടെ സാമ്പത്തിക വളർച്ചയെ സാംസ്കാരിക വളർച്ചയുമായി ബന്ധിപ്പിക്കുന്ന വികസന മാതൃകയാണ് സർക്കാർ സ്വീകരിക്കുന്നത്. ടൂറിസത്തിന് വ്യവസായ പദവി നൽകുന്നതും തോട്ടം മേഖലയെ ടൂറിസം വികസനത്തിനായി ഉപയോഗിക്കുന്നതുമാണ്. ഇക്കോടൂറിസം, പൈതൃക ടൂറിസം തുടങ്ങിയവ സംയോജിപ്പിച്ച് "ബ്രാൻഡ് വയനാട്" പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. കൊല്ലത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തും. അറബ് മേഖലയുമായി ടൂറിസം മേഖലയെ ബന്ധപ്പിക്കുന്നതിനും കൾച്ചറൽ സ്റ്റാർട്ടപ് കൊണ്ടുവരുന്നതിനും ആലോചിക്കുന്നുണ്ട്. കൊച്ചിയിൽ ജെ.സി. ഡാനിയേൽ ഇന്റർനാഷണൽ ഫിലിം സിറ്റി ചിത്രനഗരം സ്ഥാപിക്കാനും സിനിമയ്ക്ക് വ്യവസായ പദവി നൽകാനും അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് സ്ഥിരംവേദി ഒരുക്കാനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

കോവളം, വയനാട്, ആലപ്പുഴ, ഫോർട്ട് കൊച്ചി, അതിരപ്പിള്ളി, മൂന്നാർ എന്നീ പ്രധാന ഡെസ്റ്റിനേഷനുകളിൽ ഗ്രീൻ മാർഷൽസ് പദ്ധതി ആരംഭിക്കുന്നതാണ്. ആലുവ മണപ്പുറം മഹാദേവക്ഷേത്രം കേന്ദ്രീകരിച്ച് ടൂറിസം സർക്യൂട്ട് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കടമ്പ്രയാർ, പുതുപ്പള്ളി, അഴീക്കൽ എന്നിവിടങ്ങളിലും കണ്ണൂർ ജില്ലയിലും അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഹോംസ്റ്റേകൾക്ക് പ്രത്യേക പരിഗണന നൽകുന്ന ടൂറിസം പോളിസി നടപ്പാക്കും. ശബരിമല, ഗുരുവായൂർ, കൊട്ടിയൂർ, തിരുവല്ലം ക്ഷേത്രങ്ങളെ ദേശീയ തീർത്ഥാടന കേന്ദ്രങ്ങളാക്കുന്നതും ആലപ്പുഴ-കൊല്ലം ജില്ലകളുമായി ബന്ധപ്പെട്ട തീർത്ഥാടന ടൂറിസം സർക്യൂട്ട് നടപ്പാക്കുന്നതും ആലോചിക്കുന്നതാണ്. പാതിരാമണൽ ദ്വീപ് ലോകോത്തര ഇക്കോടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയും

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയും പ്രകൃതിക്ഷോഭംമൂലം ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർഥനയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർഥനയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർഥനയും ചർച്ചകൂടാതെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 6.05-ന് പിരിഞ്ഞു)

********